# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5205 — 06.02.2014-ലെ മറുപടിക്ക്

### തടവുകാരെ നിരീക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | എ)യും ബി)യും സി)യും ഡി)യും | തടവുകാരെയും സന്ദർശകരേയും എല്ലായ്പ്പോഴും നിരീക്ഷിക്കുന്നതിനായി എല്ലാ ജയിലുകളിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ആറ് ജയിലുകളിൽ സി.സി.റ്റി.വി. സർവെയ്ലൻസ് സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. സി.സി.റ്റി.വി. സർവെയ്ലൻസ് സംവിധാനം സ്ഥാപിച്ചിട്ടുള്ള ജയിലുകളിൽ സന്ദർശകരേയും തടവുകാരേയും നിരീക്ഷിക്കുന്നതിനായി ക്യാമറകളിൽ നിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ സി.സി.റ്റി.വി. കൺട്രോൾ റൂമുകളിൽ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടുമാരും സി.സി.റ്റി.വി. ക്യാമറകളിൽ നിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. മറ്റ് ജയിലുകളിലും ഘട്ടംഘട്ടമായി സി.സി.റ്റി.വി. സർവെയ്ലൻസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. |
| ബി) ഇതിനായി സെല്ലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | |
| സി) സന്ദർശകരേയും തടവുകാരേയും നിരീക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | | |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ